# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3884** **15.03.2017- ൽ മറുപടിക്ക്**

## കൈത്തറി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറിമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കൈത്തറി സഹകരണമേഖല പുന:സംഘടിപ്പിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ; | (എ) കൈത്തറി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൈത്തറി സഹകരണ സംഘങ്ങൾ പുന:സംഘടിപ്പിക്കാൻ പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിൽ ഇതിനകം ഹാന്റ്ലൂം ക്ലസ്റ്ററുകൾ സ്ഥാപിച്ചിട്ടുണ്ട് ; | (ബി) 12-ാം പദ്ധതിയിലെ എൻ.എച്ച്.ഡി.പി ബ്ലോക്ക് ലെവൽ ക്ലസ്റ്ററുകളും അവ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്തുകളും ചുവടെ ചേർത്തുകൊള്ളുന്നു. |

| ക്രമ നം. | ബ്ലോക്ക് ലെവൽ ക്ലസ്റ്ററിന്റെ പേര് | സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി |
|---|---|---|
| 1 | പറവൂർ ക്ലസ്റ്റർ | നോർത്ത് പറവൂർ മുൻസിപ്പാലിറ്റി, എറണാകുളം |
| 2 | കൊല്ലയിൽ | പെരിങ്കടവിള ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം |
| 3 | കാഞ്ഞിരോട് | ഇടക്കാട് ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ |
| 4 | കൂത്തുപറമ്പ് | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ |

ഹാന്റക്സിന്റെ കീഴിൽ ഊരൂട്ടമ്പലം (നേമം ബ്ലോക്ക്), ചാത്തന്നൂർ (ഇത്തിക്കര ബ്ലോക്ക്), ചേന്ദമംഗലം (നോർത്ത് പറവൂർ ബ്ലോക്ക്), കുത്താമ്പുള്ളി (പഴയന്നൂർ ബ്ലോക്ക്), കോഴിക്കോട് (കോഴിക്കോട് ബ്ലോക്ക്) എന്നീ 5 ക്ലസ്റ്ററുകളാണ് പ്രവർത്തിച്ചു വരുന്നത്.

| | |
|---|---|
| (സി) ഹാന്റക്സിന്റെയും ഹാൻവീവിന്റെയും ഉല്പാദനത്തിൽ 2016 ൽ എന്ത് വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്? | (സി) ഹാൻവീവ്, 2015-16 ൽ 862.05 ലക്ഷം രൂപയുടെയും 2016-17 ൽ 697.26 ലക്ഷം രൂപയുടെയും ഉൽപാദനം നടത്തിയിട്ടുണ്ട്.<br><br>ഹാന്റക്സ്, 2015-16 ൽ 14,87,93,816.05 രൂപയുടെയും 2016-17 ൽ 13,59,88,183.15 രൂപയുടെയും സംഭരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ